**ശുചിത്വമിഷൻ**

**തദ്ദേശ സ്വയംഭരണ വകുപ്പ്**

**കേരള സർക്കാർ**

'ഭരണഭാഷ മാതൃഭാഷ'

**No-SM/2359/2024-B2** **17-03-2025**

**വിവധ ജില്ലാശുചിത്വമിഷൻ ഓഫീസുകളിൽ അസിസ്റ്റൻറ് ജില്ലാ കോ ഓർഡിനേറ്റർ തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനം**

തദ്ദേശസ്വയംഭരണ വകുപ്പിൻറെ കീഴിലുള്ള ജില്ലാ ശുചിത്വമിഷനുകളിൽ അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ തസ്തികകളിലേക്ക് സംസ്ഥാന സർക്കാരിൻറെ വിവിധ വകുപ്പുകളിൽ ജോലി നോക്കി വരുന്നവരും ശുചിത്വമിഷൻ പ്രവർത്തനങ്ങളിൽ താത്പര്യമുള്ളവരുമായ ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ **വയനാട്** ജില്ലയിൽ നിലവിലുള്ള ഒരു ഒഴിവിലേക്കും അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ (സോളിഡ് വേസ്റ്റ് മാനേജ്മെൻറ്) തസ്തികയിൽ **തിരുവനന്തപുരം , കോട്ടയം, കണ്ണൂർ** എന്നീ 3 ജില്ലകളിൽ നിലവിലുള്ള ഓരോ ഒഴിവിലേക്കുമാണ് അപേക്ഷ ക്ഷണിക്കുന്നത്.

അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ (ഐഇസി) തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ 39300 -83000 എന്ന ശമ്പള സ്കെയിലിൽ സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നവരും , വിവര വിജ്ഞാന വ്യാപനപ്രവർത്തനമേഖലയിൽ താത്പര്യമുള്ളവരുമായി രിക്കണം.സർക്കാർഅംഗികൃതസ്ഥാപനത്തിൽനിന്നുംജേർണലിസത്തിൽബിരുദം/ ബിരുദാനന്തര ബിരുദം, ജേർണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കനിൽ ബിരുദം, MSW എന്നിവയിൽ ഏതെങ്കിലും യോഗ്യതയും, ബന്ധപ്പെട്ട മേഖലയിൽ ചുരുങ്ങിയത് 2 വർഷത്തെ പ്രവർത്തി പരിചയവും ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ (സോളിഡ് വേസ്റ്റ് മാനേജ്മെൻറ്) തസ്തികയിൽ അപേക്ഷിക്കുന്നവർ 43400- 91200 ശമ്പള സ്കെയിലിൽ സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലിചെയ്യുന്നവരും സയൻസ് വിഷയത്തിൽ ബിരുദം അല്ലെങ്കിൽ സിവിൽ എഞ്ചിനീയറിംങ് ഡിപ്ലോമ/ബിരുദം ള്ളവരും ആയിരിക്കണം. എഞ്ചിനീയറിംഗ് യോഗ്യത നേടിയ ശേഷം ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തി പരിചയം ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്..

.താല്പര്യമുള്ള അപേക്ഷകർ കെ.എസ്.ആർ പാർട്ട്(1) റൂൾ 144 പ്രകാരമുള്ള അപേക്ഷ, നിലവിലെ വകുപ്പ് മേധാവിയുടെ നിരാക്ഷേപ പത്രം, സഹിതം **05.04.2025** ന മുമ്പായി എക്സിക്യൂട്ടീവ് ഡയറക്ടർ, സംസ്ഥാന ശുചിത്വമിഷൻ, റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം - 695033 എന്ന വിലാസത്തിൽ ലഭ്യമാകും വിധം നേരിട്ടോ, തപാലിലോ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ www.suchitwamission.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**U.V.Jose IAS (Retd)**

**EXECUTIVE DIRECTOR**

**4th** ഫ്ളോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം **695 033** ഫോൺ **0471 – 2316730, 2319831, 2312730**

ഇ-മെയിൽ :**sanitation.sm@kerala.gov.in, www.sanitation.kerala.gov.in,sanitationkerala@gmail.com**